# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 10.09.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. കേന്ദ്രമന്ത്രിസഭ അംഗീകാരം നൽകിയ 20,800 കോടി രൂപയുടെ റെയിൽ പദ്ധതികൾ യാത്രക്കാരുടെ സഞ്ചാരം വേഗത്തിലാക്കുകയും ചരക്ക് ഗതാഗത ശേഷി വർധിപ്പിക്കുകയും ചെയ്യുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Prime Minister Narendra Modi has said that the cabinet decision will ensure faster passenger movement, stronger connectivity and additional freight capacity.**

2. പ്രാദേശിക സമാധാനത്തിനും സുരക്ഷയ്ക്കുമായി സഹകരിച്ച് പ്രവർത്തിക്കാൻ രാജ്യരക്ഷ മന്ത്രി രാജ്നാഥ് സിംഗും ശ്രീലങ്കൻ പ്രസിഡന്റ് അനുരകുമാര ദിസനായകെയും തമ്മിലുള്ള കൂടിക്കാഴ്ചയിൽ ധാരണ.

   **Defence Minister Rajnath Singh, Sri Lankan President t Anura Kumara Dissanayake Reaffirm Commitment to Regional Peace, Security and Prosperity.**

3. വനിതാ സംരംഭകർക്കും വനിതാ നേതൃത്വത്തിലുള്ള സംരംഭങ്ങൾക്കും കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കാൻ ബ്രിക്സ് രാജ്യങ്ങൾ സഹകരിച്ച് പ്രവർത്തിക്കണമെന്ന് കേന്ദ്ര മന്ത്രി പീയൂഷ് ഗോയൽ.

   **Union Minister of Commerce and Industry Piyush Goyal has called on BRICS countries to work together to expand opportunities for women entrepreneurs and women-led enterprises in international trade.**

4. കേരളത്തിൽ ഉപതെരഞ്ഞെടുപ്പ് നടക്കുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ നാമനിർദ്ദേശ പത്രികാ സമർപ്പണം ഇന്നു പൂർത്തിയാകും.

**The filing of nomination papers for the Kerala local body by-elections concludes today.**

5. മൂന്നു ദിവസമായി തുടരുന്ന കനത്ത ചൂടിനു ശേഷം സംസ്ഥാനത്ത് ഇന്നു മഴയ്ക്ക് സാധ്യത. ആലപ്പുഴ, എറണാകുളം ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

**After three days of intense heat, rain is likely across Kerala today, with a yellow alert issued for Alappuzha and Ernakulam districts.**

6. വനിതാ ഏഷ്യാകപ്പ് ക്രിക്കറ്റ് സെമിഫൈനലിൽ ഇന്ത്യ ഇന്ന് ബംഗ്ലാദേശിനെ നേരിടും; ദുലീപ് ട്രോഫി ക്രിക്കറ്റ് കിരീടം ഉറപ്പിച്ച് കിഴക്കൻ മേഖല.

**Women's Asia Cup: India Face Bangladesh in Semi-Final today; East Zone has secured the lead in Duleep Trophy cricket final.**

## CABINET- RAILWAY (INTRO)

20,800 കോടി രൂപയിലധികം ചെലവിൽ എട്ട് റെയിൽവേ മൾട്ടിട്രാക്കിങ് പദ്ധതികൾക്ക് കേന്ദ്രമന്ത്രിസഭ അംഗീകാരം നൽകി. റെയിൽവേ പാതകളുടെ ശേഷി വർധിപ്പിക്കുക, പ്രവർത്തനക്ഷമത മെച്ചപ്പെടുത്തുക, പ്രധാന പാതകളിലെ തിരക്ക് കുറയ്ക്കുക എന്നിവയാണ് പദ്ധതികളുടെ ലക്ഷ്യം. യാത്രക്കാരുടെ സഞ്ചാരം വേഗത്തിലാക്കുന്നതിനൊപ്പം റെയിൽ കണക്റ്റിവിറ്റിയും ചരക്ക് ഗതാഗത ശേഷിയും വർധിപ്പിക്കാനും പദ്ധതികൾ സഹായിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. വിനോദസഞ്ചാര മേഖലയ്ക്ക് കൂടുതൽ പ്രോത്സാഹനം നൽകുന്നതിനും ലോജിസ്റ്റിക്സ് ചെലവ് കുറയ്ക്കുന്നതിനും പദ്ധതികൾ വഴിയൊരുക്കുമെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

**വിശദാംശങ്ങളിലേയ്ക്ക്...**

**(വോയ്സ്)**

പശ്ചിമ ബംഗാൾ, ജാർഖണ്ഡ്, ഒഡിഷ, മധ്യപ്രദേശ്, ഛത്തീസ്ഗഢ് എന്നിവിടങ്ങളിലെ 14 ജില്ലകളിലായി മൂന്ന് പദ്ധതികൾക്ക് 10,783 കോടി രൂപയിലധികം ചെലവഴിക്കും. ഖരഗ്പൂർ-ഝാർസുഗുഡ

നാലാം പാത, കത്തി-പെന്ദ്ര റോഡ് നാലാം പാത, ബിലാസ്പൂർ-പെന്ദ്ര റോഡ് മൂന്നാം പാത എന്നിവ ഇതിൽ ഉൾപ്പെടുന്നു. തമിഴ്നാട്, ആന്ധ്രാപ്രദേശ്, കർണാടക, തെലങ്കാന എന്നിവിടങ്ങളിലെ 17 ജില്ലകളിലായി അഞ്ച് പദ്ധതികൾക്ക് ഏകദേശം 10,021 കോടി രൂപ ചെലവഴിക്കും. അരക്കോണം-റെണിഗുണ്ട മൂന്നും നാലും പാതകൾ, വൈറ്റ്ഫീൽഡ്-ബംഗാർപേട്ട് മൂന്നും നാലും പാതകൾ, ഹൊസൂർ-ഓമലൂർ പാത ഇരട്ടിപ്പിക്കൽ എന്നിവ ഇതിൽ ഉൾപ്പെടുന്നു. പദ്ധതികൾ 52 ലക്ഷം ജനസംഖ്യയുള്ള ഏകദേശം 2,100 ഗ്രാമങ്ങൾക്ക് മെച്ചപ്പെട്ട റെയിൽ കണക്റ്റിവിറ്റി ഉറപ്പാക്കും. ഡൽഹി-ഹൗറ, മുംബൈ-ഹൗറ, ഡൽഹി-മുംബൈ, ഡൽഹി-ഗുവാഹത്തി, ഡൽഹി-ചെന്നൈ, ഹൗറ-ചെന്നൈ, മുംബൈ-ചെന്നൈ എന്നീ ഏഴ് ഉയർന്ന സാന്ദ്രതയുള്ള റെയിൽ ഇടനാഴികളും നാലു പാതകളാക്കാൻ സർക്കാർ തീരുമാനിച്ചു. മുംബൈ-അഹമ്മദാബാദ് ബുള്ളറ്റ് ട്രെയിൻ ആദ്യ 100 കിലോമീറ്റർ ഭാഗം തുറക്കുമെന്നും ഇന്നലെ ചേർന്ന ക്യാബിനറ്റ് യോഗത്തിന് ശേഷം കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് അറിയിച്ചു.

**ന്യൂസ് ഡെസ്ക് ആകാശവാണി.........**

☸☸☸☸☸☸☸☸☸☸☸

## RAJNATH-SRI LANKA

പ്രാദേശിക സമാധാനത്തിനും സുരക്ഷയ്ക്കുമായി സഹകരിച്ച് പ്രവർത്തിക്കാൻ രാജ്യരക്ഷ മന്ത്രി രാജ്നാഥ് സിംഗും ശ്രീലങ്കൻ പ്രസിഡന്റ് അനുരകുമാര ദിസനായകെയും തമ്മിലുള്ള കൂടിക്കാഴ്ചയിൽ ധാരണ. ഇന്നലെ കൊളംബോയിലായിരുന്നു കൂടിക്കാഴ്ച. ഇന്ത്യ - ശ്രീലങ്ക ബഹുമുഖ പങ്കാളിത്തത്തിന്റെ വിവിധ തലങ്ങൾ ചർച്ചയായി. ശ്രീലങ്കൻ വ്യോമസേനയുടെ എൽ-70 തോക്കുകൾ നവീകരിക്കുന്നതിനും, NCC, നാഷണൽ ഡിഫൻസ് കോളേജുകൾ എന്നിവയിലെ സഹകരണത്തിനുമുള്ള ധാരണാപത്രങ്ങളും കൈമാറി. സമുദ്രമേഖലയിൽ ഇരുരാജ്യങ്ങളും തമ്മിലുള്ള സഹകരണം സുരക്ഷയ്ക്കും ഭദ്രതയ്ക്കും അത്യന്താപേക്ഷിതമാണെന്ന് ശ്രീ രാജ്നാഥ് സിംഗ് പറഞ്ഞു.

☸☸☸☸☸☸☸☸☸☸☸

## MORN. GOYAL-BRICS WOMEN (Intro)

അന്താരാഷ്ട്ര വ്യാപാരരംഗത്ത് വനിതാ സംരംഭകർക്കും സ്ത്രീകൾ നേതൃത്വം നൽകുന്ന സ്ഥാപനങ്ങൾക്കും കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനായി ബ്രിക്സ് രാജ്യങ്ങൾ ഒന്നിച്ച് പ്രവർത്തിക്കണമെന്ന് കേന്ദ്ര വാണിജ്യ-വ്യവസായ മന്ത്രി പീയൂഷ് ഗോയൽ. ന്യൂഡൽഹിയിൽ നടന്ന ബ്രിക്സ് WBA 'വനിതാ നേതൃത്വത്തിലുള്ള വികസന സമ്മേളനത്തിൽ' സംസാരിക്കുകയായിരുന്നു അദ്ദേഹം. വായ്പകളും വിപണികളും എളുപ്പത്തിൽ ലഭ്യമാക്കുന്നതിനൊപ്പം വ്യക്തവും സുസ്ഥിരവുമായ വ്യവസായ നിയമങ്ങളുടെ ആവശ്യകതയും അദ്ദേഹം വ്യക്തമാക്കി. രാജ്യത്തിന്റെ വളർച്ചയിൽ സ്ത്രീകളെ നിർണ്ണായക പങ്കുവഹിക്കുന്നവരാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ, അവരെ ശാക്തീകരിക്കുന്നതിലാണ് ഇന്ത്യ ശ്രദ്ധ കേന്ദ്രീകരിക്കുന്നതെന്നും കേന്ദ്ര മന്ത്രി പറഞ്ഞു.

(വോയ്സ്)

☸☸☸☸☸☸☸☸☸☸☸

## BRICS – Central Bank Governors

ബ്രിക്സ് ഉച്ചകോടിക്ക് മുന്നോടിയായി മുംബൈയിൽ ഇന്നലെ ആരംഭിച്ച ബ്രിക്സ് ധനമന്ത്രിമാരുടെയും കേന്ദ്ര ബാങ്ക് ഗവർണർമാരുടെയും യോഗം ഇന്ന് അവസാനിക്കും. സാമ്പത്തിക പ്രതിരോധശേഷി ശക്തിപ്പെടുത്തുക, നൂതനാശയങ്ങൾക്കും സഹകരണത്തിനും പ്രോത്സാഹനം നൽകുക, സുസ്ഥിര വളർച്ച ഉറപ്പാക്കുക എന്നിവയാണ് ബ്രിക്സ് ഫിനാൻസ് ട്രാക്കിന്റെ പ്രധാന ലക്ഷ്യങ്ങൾ. മുംബൈ യോഗത്തിന് മുന്നോടിയായി ബ്രിക്സ് ഫിനാൻസ് ട്രാക്കിന്റെ പുരോഗതിയും നേട്ടങ്ങളും കേന്ദ്ര ധന മന്ത്രി നിർമ്മല സീതാരാമൻ അവലോകനം ചെയ്തു.

☸☸☸☸☸☸☸☸☸☸☸

## Seed Act

ഗുണനിലവാരമില്ലാത്ത വ്യാജ വിത്തുകൾ മൂലമുണ്ടാകുന്ന നഷ്ടങ്ങളിൽ നിന്ന് കർഷകരെ സംരക്ഷിക്കുന്നതിനായി കർശനമായ പുതിയ വിത്ത് നിയമം കൊണ്ടുവരാൻ സർക്കാർ ഒരുങ്ങുന്നു. ഇതിന്റെ ഭാഗമായി കേന്ദ്ര കൃഷി-കർഷക ക്ഷേമ മന്ത്രി ശിവരാജ്

സിംഗ് ചൗഹാൻ ഇന്ന് ന്യൂഡൽഹിയിൽ രാജ്യത്തെ പ്രധാന കർഷക സംഘടനകളുടെ നേതാക്കളുമായി ചർച്ച നടത്തും. കർഷകരുടെ അനുഭവങ്ങളും നിർദ്ദേശങ്ങളും ആശങ്കകളും വിത്ത് നിയമത്തിന്റെ കരടിൽ ഉൾപ്പെടുത്തുകയാണ് ചർച്ചയുടെ ലക്ഷ്യമെന്ന് കൃഷി മന്ത്രാലയം അറിയിച്ചു.

☸☸☸☸☸☸☸☸☸☸☸

## Goyal - Thailand Deputy Prime Minister

ഇന്ത്യയും തായ്‌ലൻഡും തമ്മിലുള്ള സാമ്പത്തിക പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വാണിജ്യ, വ്യവസായ മന്ത്രി പിയൂഷ് ഗോയൽ തായ്‌ലൻഡ് ഉപപ്രധാനമന്ത്രിയും വാണിജ്യമന്ത്രിയുമായ സുഫാജി സുതുംപുണുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. ഉഭയകക്ഷി വ്യാപാരവും നിക്ഷേപവും വർധിപ്പിക്കുക, ബിസിനസ് അവസരങ്ങൾ വിപുലപ്പെടുത്തുക, ഇരു രാജ്യങ്ങളിലെയും സംരംഭങ്ങൾ തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുക എന്നിവ ചർച്ചയായി. ആസിയാൻ-ഇന്ത്യ ചരക്ക് വ്യാപാര കരാറിന്റെ പുരോഗതി അവലോകനം ചെയ്ത മന്ത്രിമാർ സഹകരണം ഊട്ടിയുറപ്പിക്കേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറഞ്ഞു.

☸☸☸☸☸☸☸☸☸☸☸

## Thailand- visa

സാധാരണ പാസ്പോർട്ടുള്ള ഇന്ത്യൻ വിനോദസഞ്ചാരികൾക്ക് വിസ ഇളവ് അനുവദിച്ച് തായ്‌ലൻഡ് ആഭ്യന്തര മന്ത്രാലയം. ഈ മാസം 15 മുതൽ പ്രാബല്യത്തിൽ വരുന്ന ഇളവിന്റെ ഭാഗമായി ഇന്ത്യൻ പൗരന്മാർക്ക് 30 ദിവസം വരെ തായ്‌ലൻഡിൽ വിസയില്ലാതെ തങ്ങാനാകും.

☸☸☸☸☸☸☸☸☸☸☸

## Kerala Rain

മൂന്നു ദിവസമായി തുടരുന്ന കനത്ത ചൂടിനു ശേഷം കേരളത്തിൽ ഇന്നു മഴയ്ക്ക് സാധ്യത. ആലപ്പുഴ, എറണാകുളം ജില്ലകളിൽ ഒറ്റപ്പെട്ട ശക്തമായ മഴക്ക് സാധ്യതയുള്ളതിനാൽ കേന്ദ്ര കാലാവസ്ഥ വകുപ്പ് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. നാളെയും മറ്റന്നാളും നാലു ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. തിരുവനന്തപുരം

ജില്ലയിലെ തീര പ്രദേശത്ത് ഇന്ന് രാവിലെ മുതൽ നാളെ രാവിലെ വരെ ഉയർന്ന തിരമാലകൾക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്ര പഠന ഗവേഷണ കേന്ദ്രം മുന്നറിയിപ്പ് നൽകി.

❁❁❁❁❁❁❁❁❁❁❁

## BY ELECTION (INTRO)

കേരളത്തിൽ ഉപതെരഞ്ഞെടുപ്പു നടക്കുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ നാമനിർദ്ദേശ പത്രികാ സമർപ്പണം ഇന്നു പൂർത്തിയാകും.

**കൂടുതൽ വിവരങ്ങളുമായി തിരുവനന്തപുരത്തു നിന്ന് ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി.**

**(വോയ്സ്)**

❁❁❁❁❁❁❁❁❁❁❁

## Suicide Prevention Day

ഇന്ന് ലോക ആത്മഹത്യാ പ്രതിരോധ ദിനം. ആത്മഹത്യാ ഒന്നിനും ഒരു പരിഹാരമല്ല പ്രശ്നങ്ങളെ അതിജീവിക്കാൻ ശ്രമിക്കുക എന്ന അവബോധം സൃഷ്ടിക്കുന്നതിനാണ് ദിനാചരണം. മാനസികാരോഗ്യത്തെക്കുറിച്ചും ആത്മഹത്യാ ചിന്തകളെക്കുറിച്ചും ആളുകളെ ബോധവാന്മാരാക്കുക,സഹായം ആവശ്യമുള്ളവർക്ക് പിന്തുണ നൽകാനും അവരെ കേൾക്കാനും മറ്റുള്ളവരെ പ്രേരിപ്പിക്കുക, കൗൺസിലിംഗ് സേവനങ്ങളും ഹെൽപ്പ്ലൈൻ നമ്പറുകളും എല്ലാവരിലും എത്തിക്കുക എന്നിവയും ദിനാചരണം മുന്നോട്ടുവയ്ക്കുന്നു. ഇന്റർനാഷണൽ അസോസിയേഷൻ ഫോർ സൂയിസൈഡ് പ്രിവൻഷനും ലോകാരോഗ്യ സംഘടനയും സംയുക്തമായാണ് ദിനാചരണം സംഘടിപ്പിക്കുന്നത്. ആത്മഹത്യയെക്കുറിച്ചുള്ള മുൻവിധികൾ മാറ്റുക എന്നതാണ് ഇ വർഷത്തെ പ്രമേയം.ദിനാചരണത്തിന്റെ ഭാഗമായി കേരളത്തിൽ വിവിധ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട് .

❁❁❁❁❁❁❁❁❁❁❁

## K KUNJIKANNAN

മുതിർന്ന മാധ്യമപ്രവർത്തകനും ജന്മഭൂമി തിരുവനന്തപുരം റസിഡൻറ് എഡിറ്ററുമായ കെ.കുഞ്ഞിക്കണ്ണൻ അന്തരിച്ചു. . 72 വയസ്സായിരുന്നു. കേരള പത്രപ്രവർത്തക യൂണിയൻ സംസ്ഥാന

വൈസ് പ്രസിഡണ്ട്, തിരുവനന്തപുരം ജില്ലാ പ്രസിഡണ്ട്, കേസരി സ്മാരക ജേർണലിസ്റ്റ് ട്രസ്റ്റ് ചെയർമാൻ, കണ്ണൂർ പ്രസ്സ് ക്ലബ്ബ് സെക്രട്ടറി, സെൻ സർ ബോർഡ് അംഗം, ടെലികോം അഡ്വൈസറി ബോർഡ് അംഗം, പത്രപ്രവർത്തക അക്രഡിറ്റേഷൻ കമ്മി അംഗം എന്നീ പദവികൾ വഹിച്ചു. അടിയന്തരാവസ്ഥയ്ക്കു ശേഷം യുവജനത കണ്ണൂർ ജില്ലാ സെക്രട്ടറി, സംസ്ഥാന സമിതിയംഗം യുവമോർച്ച സംസ്ഥാന പ്രസിഡണ്ട് എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. യുവമോർച്ചയുടെ ആദ്യ ജനറൽ സെക്രട്ടറി ആയിരുന്നു.

❁❁❁❁❁❁❁❁❁❁❁

## POSHAN MAH – UP

ഒൻപതാമത് ദേശീയ പോഷക ആഹാര മാസാചരണത്തിന് വാരാണസിയിൽ തുടക്കമായി. കേന്ദ്രമന്ത്രി അന്നപൂർണാ ദേവി പരിപാടി ഉദ്ഘാടനം ചെയ്തു. "നമ്മുടെ അങ്കണവാടികൾ, നമ്മുടെ ഉത്തരവാദിത്തം" എന്നതാണ് ഈ വർഷത്തെ സന്ദേശം. 'പോഷൻ മാ 2026' സംസ്ഥാനതല ഉദ്ഘാടനം മന്ത്രി ബിന്ദു കൃഷ്ണ കൊല്ലത്ത് നിർവഹിച്ചു. കുട്ടികൾ, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ, കൗമാരക്കാർ എന്നിവരുടെ പോഷക സുരക്ഷ ഉറപ്പാക്കുകയാണ് പോഷൺ മാസാചരണത്തിൻറെ ലക്ഷ്യം.

❁❁❁❁❁❁❁❁❁❁❁

## WOMEN ASIA CUP CRICKET

വനിതാ ഏഷ്യാകപ്പ് ക്രിക്കറ്റിൽ ഏഴു വട്ടം ചാമ്പ്യൻമാരായ ഇന്ത്യ സെമിഫൈനൽ പോരാട്ടത്തിന് ഇറങ്ങുന്നു. ഇന്ന് രാത്രി എട്ട് മണിക്ക് നടക്കുന്ന മത്സരത്തിൽ ബംഗ്ലാദേശാണ് എതിരാളികൾ.

❁❁❁❁❁❁❁❁❁❁❁

## Asia Cup Hocky

ചൈനയിലെ മോഖിയിൽ നടക്കുന്ന ജൂനിയർ ഏഷ്യാ കപ്പ് ഹോക്കിയിൽ ചൈനീസ് തായ്പേയിയെ 15-0ന് തകർത്ത് ഇന്ത്യൻ പുരുഷ ടീം സെമിഫൈനലിൽ. 10 പോയിന്റുമായി പൂൾ എയിൽ ഒന്നാം സ്ഥാനത്തെത്തി.

❁❁❁❁❁❁❁❁❁❁❁

## DULEEP TROPHY

ഒരു ദിവസം മാത്രം കളി അവശേഷിക്കെ, 584 റൺസിന്റെ ലീഡുമായി ദുലീപ് ട്രോഫി ക്രിക്കറ്റ് കിരീടം ഉറപ്പിച്ച് കിഴക്കൻ മേഖല. ദക്ഷിണമേഖലയ്ക്കെതിരായ ഫൈനലിൽ 496 റൺസിന്റെ ഒന്നാമിന്നിങ്സ് ലീഡ് നേടിയ കിഴക്കൻ മേഖല രണ്ടാമിന്നിങ്സിൽ അഞ്ച് വിക്കറ്റിന് 212 റൺസെടുത്തിട്ടുണ്ട്.